പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1742 — 05.12.2014 ലെ മറുപടിയ്ക്ക്

**പ്രകൃതിക്ഷോഭങ്ങൾക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. ബേബി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പ്രകൃതിക്ഷോഭങ്ങൾ മൂലം നാശനഷ്ടങ്ങൾക്കിരയാവുന്ന കർഷകർക്ക് നൽകി വരുന്ന നഷ്ടപരിഹാരത്തുക കാർഷിക വിളകൾ ഓരോന്നിനും എത്ര രൂപാ നിരക്കിലായിരുന്നു ; ഏറ്റവും ഒടുവിൽ നിരക്കിൽ വരുത്തിയ മാറ്റം അനുസരിച്ച് നിലവിലുള്ള നിരക്കുകൾ വിശദമാക്കാമോ ; | (എ) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ-കെ) വകുപ്പിന്റെ 11-06-2012-ലെ സ.ഉ (എം.എസ്) നം. 239/2012/ഡി എം.ഡി ഉത്തരവ് പ്രകാരം 01-04-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. ഓരോ വിളയ്ക്കും നൽകിവന്നിരുന്ന ധനസഹായത്തിന്റ തോത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-01-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-09-2012-ലെ ജി.ഒ(എം.എസ്) നം. 343/2012/ഡിഎം.ഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ. ഉ(എം.എസ്) നം. 239/2012/ഡിഎം.ഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 01-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ(എം.എസ്) നം. 470/2013/ഡിഎം.ഡി ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. പ്രധാന വിളകൾക്ക് നല്കുന്ന ധനസഹായത്തിൽ വന്നിട്ടുള്ള വ്യത്യാസം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (ബി) തന്നാണ്ടിൽ പ്രകൃതിക്ഷോഭങ്ങൾ മൂലം കൃഷിനാശം സംഭവിച്ചതിന്റെ കണക്കുകൾ ശേഖരിക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) ഉണ്ട്.<br>2014-ലെ വേനൽമഴയും ചുഴലിക്കാറ്റും മൂലം സംസ്ഥാനത്ത് 417.6 കോടി രൂപയുടെയും തെക്കുപടിഞ്ഞാറൻ കാലവർഷം മൂലം 124.8 കോടി രൂപയുടെയും കൃഷിനാശം ഉണ്ടായതായി പ്രാഥമിക റിപ്പോർട്ട് പ്രകാരം കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| വിള | നഷ്ടപരിഹാരത്തുക (രൂപയിൽ) |
|---|---|
| നെല്ല് (ഹെക്ടർ) | 10000 |
| തെങ്ങ് (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 700 |
| തെങ്ങ് (കായ്ഫലമില്ലാത്തത്) ഒരെണ്ണത്തിന് | 350 |
| തെങ്ങ് (ഒരു വർഷം വരെ പ്രായമായത്) ഒരെണ്ണത്തിന് | 100 |
| വാഴ (കുലച്ചത്) ഒരെണ്ണത്തിന് | 100 |
| വാഴ (കുലയ്ക്കാത്തത്) ഒരെണ്ണത്തിന് | 75 |
| റബ്ബർ (ടാപ്പ് ചെയ്യുന്നത്) ഒരെണ്ണത്തിന് | 300 |
| റബ്ബർ (ടാപ്പ് ചെയ്യാത്തത്) ഒരെണ്ണത്തിന് | 200 |
| കശുമാവ് (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 150 |
| കശുമാവ് (കായ്ഫലമില്ലാത്തത്/ മൂന്നു വർഷത്തിനു മുകളിൽ പ്രായമായത്) ഒരെണ്ണത്തിന് | 100 |
| കമുക് (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 150 |
| കമുക് (കായ്ഫലമില്ലാത്തത്) ഒരെണ്ണത്തിന് | 100 |
| കൊക്കോ (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 100 |
| കാപ്പി (ഒരെണ്ണത്തിന്) | 100 |
| കുരുമുളക് (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 75 |
| ഇഞ്ചി (10 സെന്റിന്) | 150 |
| മഞ്ഞൾ (10 സെന്റിന്) | 120 |
| മരച്ചീനി (25 സെന്റിന്) | 150 |
| നിലക്കടല (ഹെക്ടറിന്) | 2000 |
| എള്ള് | 1200 |
| പച്ചക്കറി (10 സെന്റിന്) | 200 |
| ജാതി (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 400 |
| ജാതി (കായ്ഫലമില്ലാത്തത്) ഒരെണ്ണത്തിന് | 150 |
| ഗ്രാമ്പൂ (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 200 |
| ഗ്രാമ്പൂ(കായ്ഫലമില്ലാത്തത്) ഒരെണ്ണത്തിന് | 100 |
| ഏലം (ഹെക്ടറിന്) | 2500 |
| വെറ്റിലക്കൊടി (ഒരു സെന്റിന്) | 300 |
| പയർവർഗ്ഗങ്ങൾ (ഒരു ഹെക്ടറിന്) | 1000 |
| കിഴങ്ങുവിളകൾ (ചേമ്പ്, ചേന തുടങ്ങിയവ) (10 സെന്റിന്) | 150 |
| കരിമ്പ് (ഹെക്ടറിന്) | 2500 |
| കൈതച്ചക്ക (10 സെന്റിന്) | 750 |
| തീറ്റപ്പുല്ല് (10 സെന്റിന്) | 150 |
| മൽബറി (50 സെന്റിന്) | 750 |
| പുകയില (10 സെന്റിന്) | 1500 |
| പരുത്തി (10 സെന്റിന്) | 300 |

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

| വിള | പുതുക്കിയ ഉത്തരവ് പ്രകാരം ലഭിക്കുന്ന തുക |
|---|---|
| തെങ്ങ് ഒന്നിന് | 68/- |
| വാഴ ഒന്നിന് | 3.60 |
| കുരുമുളക് വള്ളിയൊന്നിന് | 12/- |
| കമുക് മരമൊന്നിന് | 9/- |
| റബ്ബർ മരമൊന്നിന് | 24/- |
| കൊക്കോ മരമൊന്നിന് | 24/- |

സെക്ഷൻ ഓഫീസർ